പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5267 24/10/2011 ൽ മറുപടിയ്ക്ക്

# പ്രാക്തന ഗോത്രവർഗ്ഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രാക്തനാ ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സംസ്ഥാനത്ത് പാലക്കാട്ട ജില്ലയിലെ മലമ്പുഴ, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വയനാട്ട ജില്ലയിലെ നൂൽപ്പുഴ എന്നിവിടങ്ങളിൽ ആശ്രമ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ടി സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ പ്രവേശനം നൽകുന്നുണ്ട്. മറ്റു മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രവേശന പരീക്ഷയിലെ മാർക്കോ, വരുമാനപരിധിയോ കണക്കാക്കാതെ പ്രവേശനം നൽകുന്നു. പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട കോറഗ വിഭാഗക്കാർക്കായി കാസർഗോഡ് ജില്ലയിൽ ഒരു ആശ്രമ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭ്യമാകാത്ത വനപ്രദേശങ്ങളിൽ പുതിയ പെരിപ്പതറ്റിക് സെന്ററുകൾ ആരംഭിക്കുന്നതിന്, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം, കേന്ദ്ര സർക്കാർ അനുവദിച്ച പ്രത്യേക പാക്കേജിൽ ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഒരു പെരിപ്പതറ്റിക് സെന്ററിന് 2 ലക്ഷം രൂപ ക്രമത്തിൽ 1.30 കോടി രൂപ ഇതിനായി വകകൊള്ളിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരം പ്രാക്തന ഗോത്രവർഗ്ഗക്കാർക്കു പ്രയോജനകരമാകുന്ന തരത്തിൽ കൂടുതൽ അംഗൻവാടികൾ ആരംഭിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ, സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നവരെ ക ണ്ടെത്തി തുടർന്ന് പഠിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | പ്രാക്തന ഗോത്രവർഗ്ഗക്കാർ അടക്കമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നവരെ കണ്ടെത്തി തുടർ പഠനം ഉറപ്പാക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്.ടി. പ്രൊമോട്ടർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവർ മുഖേന ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കൂളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ മുടക്കം കൂടാതെ സ്കൂളുകളിൽ എത്തിക്കുന്നതിന് രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്.<br>സ്കൂൾ സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മുടങ്ങിപ്പോകുന്നത് തടയുന്നതിനു പെരിപ്പതറ്റിക് സ്കൂളുകളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ പോയി വന്ന് പഠിക്കുവാൻ സൗകര്യമില്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുംകൂടിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 107 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും സംസ്ഥാനത്ത് തുടങ്ങിയിട്ടുള്ളത് . |

| | | | |
|---|---|---|---|
| | | | 13-ാം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള പ്രത്യേക പാക്കേജിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുവേണ്ടി കൂടുതൽ പെരിപ്പതറ്റിക് സ്കൂളുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ